**കേരള കാർഷിക സർവ്വകലാശാല**

**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്**

**കാസറഗോഡ് - 671310.**


**ബി3-882/2021** **തീയ്യതി: 10.03.2021**

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ആവശ്യങ്ങൾക്കായി വിവിധ മണ്ണുമാന്തി യന്ത്രങ്ങൾ (ജെ.സി.ബി, ഹിറ്റാച്ചി), ടിപ്പർ ലോറി എന്നിവ വാടകയ്ക്ക് നൽകാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യം നമ്പർ | ബി3- 231/2009 |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും | 17.03.2021 ഉച്ചക്ക് 3.00 മണി |
| ദർഘാസ് തുറക്കുന്ന തീയ്യതിയും സമയവും | 17.03.2021 ഉച്ചക്ക് 3.30 മണി |
| ദർഘാസ് കാലാവധി | ഒരു വർഷം |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്- 671310 |
| പുറത്തെഴുത്ത്: **"മണ്ണുമാന്തി യന്ത്രം ടിപ്പർ എന്നിവയ്ക്കുള്ള ദർഘാസ്"** | |

- മണ്ണുമാന്തി യന്ത്രങ്ങൾ (ജെ.സി.ബി, ഹിറ്റാച്ചി) ഉപയോഗിച്ചുള്ള ജോലികൾ ചെയ്യുന്നതിനുള്ള വാടക മണിക്കൂറിനു എത്രയെന്നും, ടിപ്പറിനു ദിവസത്തേക്ക് (8 മണിക്കൂർ) എത്രയെന്നും വെവ്വേറെ രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കേണ്ടതോ എത്തിക്കേണ്ടതോ ആണ്.
- ദർഘാസിനൊപ്പം 1500/- രൂപയുടെ നിരത ദ്രവ്യം സമർപ്പിക്കേണ്ടതാണ്. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ഇപ്രകാരം ദർഘാസ് ഏറ്റെടുക്കുന്ന ആൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.
- വിജയിയായ ദർഘാസുകാരൻ ഓർഡർ കൈപ്പറ്റി 3 ദിവസത്തിനകം ജോലി ആരംഭിക്കേണ്ടതും, സമയ ബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.
- ദർഘാസ് സ്വീകരിക്കുന്നതിനോ, കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
- ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റു നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേതു മാത്രമായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.
- ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 3 മണി വരെ ദർഘാസ് സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതും ആണ്.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് Ph: 0467 2260632.

- നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
2. നോട്ടീസ് ബോർഡ് പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/ നീലേശ്വരം മുനിസിപ്പാലിറ്റി
3. ഫാമിന്റെ ചുമതലയുള്ള ഓഫീസർ
4. ഫാം മാനേജർ ഇൻ-ചാർജ് സ്റ്റോക്ക് & സ്റ്റോർസ്
5. ഫാം സൂപ്രണ്ട്
6. വെബ്സൈറ്റ് rarspil@kau.in

//അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ